(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തുക കൊടുത്തുതീർക്കുന്നതിൽ കുടിശ്ശികയൊന്നും ഇല്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 1-4-2005 മുതൽ അനുവദിച്ച തുക കൊടുത്തുതീർക്കുന്നതിന് പി. ഡി. അക്കൗണ്ടുകൾവഴിയുള്ള ക്രയവിക്രയം കേന്ദ്രീകരിക്കുന്നതുവരെ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ പി.ഡി. അക്കൗണ്ടുകൾ ക്രമീകരിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള ചെക്കുകൾ നൽകിവരുന്നു.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ബഡ്ജറ്റിൽ ഈ വർഷം ഇതിലേക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ആയത് ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ഉപധനാഭ്യർത്ഥനവഴി 25 ലക്ഷം രൂപകൂടി ഈ ആവശ്യത്തിനായി അനുവദിച്ചിട്ടുണ്ട്.

സർക്കാരിന്റെ കീഴിലുള്ള അക്കാഡമികളും സാംസ്കാരിക സ്ഥാപനങ്ങളും

12 [2992] *ശ്രീ. സ്റ്റീഫൻ ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള അക്കാഡമികളുടെയും ഇതരസ്ഥാപനങ്ങളുടെയും സർക്കാരിന്റെ പ്രതിവർഷ ഗ്രാന്റിനെ ആശ്രയിച്ചു പ്രവർത്തിക്കുന്ന മറ്റ് സാംസ്കാരിക സ്ഥാപനങ്ങളുടെയും പേരുവിവരം വെളിപ്പെടുത്താമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള അക്കാഡമികളും സ്ഥാപനങ്ങളും ആരംഭിച്ച വർഷവും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്തെക്കുറിച്ചും ഇവയുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കാമോ;

(സി) അക്കാഡമികളും ഇതരസ്ഥാപനങ്ങളും ഓരോ വർഷവും നൽകുന്ന പുരസ്കാരങ്ങളെക്കുറിച്ച് വിശദമായി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

---

†അനുബന്ധം-IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly